## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 504

12.06.2012-ലെ മറുപടിയ്ക്ക്

### വിലക്കയറ്റം പിടിച്ചുനിർത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>" എം. ചന്ദ്രൻ<br>" പി.റ്റി.എ. റഹീം<br>ശ്രീമതി കെ. കെ. ലതിക | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ തക്കവിധത്തിൽ കൺസ്യൂമർഫെഡ് വഴി ആവശ്യമായ സാധനങ്ങൾ ന്യായവിലക്ക് വിൽക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) & (ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ സാധാരണക്കാർക്ക് സാധനങ്ങൾ ആവശ്യത്തിന് ലഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | | |
| (സി) കൺസ്യൂമർഫെഡ് വഴി വിൽപ്പന നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ ; ഗുണനിലവാരമുള്ള സാധനങ്ങളാണ് കൺസ്യൂമർഫെഡ് വഴി വിതരണം ചെയ്യുന്നത് എന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ ; | (സി) | സാധനങ്ങൾ വാങ്ങുന്നതിന് മുമ്പായി വാങ്ങുന്ന സാധനങ്ങളുടെ സാമ്പിൾ പർച്ചെയ്സ് കമ്മിറ്റി സൂക്ഷ്മമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പ വരുത്തുന്നുണ്ട്. സാധനങ്ങൾ ഗോഡൗണുകളിൽ സ്വീകരിക്കുന്നതിന് മുമ്പ് സാമ്പിൾ പ്രകാരമുള്ള സാധനങ്ങൾ തന്നെയാണ് സപ്ലൈ ചെയ്യുന്നത് എന്ന് ഗോഡൗൺ മാനേജർമാർ ഉറപ്പുവരുത്തുന്നുമുണ്ട്. |
| (ഡി) കൺസ്യൂമർഫെഡ് വഴി വിതരണം ചെയ്യുന്ന ഏതെല്ലാം സാധനങ്ങൾക്ക് സർക്കാർ സബ്സിഡി നൽകി വരുന്നുണ്ട് ; കമ്പോളത്തിൽ ഇടപെടുന്നതിന് ഇതിനകം കൺസ്യൂമർഫെഡിന് എന്തു തുക സഹായമായും സബ്സിഡിയായും നല്കുകയുണ്ടായി; ഈ വർഷത്തെ ബജ | (ഡി) | താഴെ പറയുന്ന 13 ഇനം സാധനങ്ങൾക്കാണ് സർക്കാർ സബ്സിഡി ലഭ്യമാക്കുന്നത്.<br>1) ചെറുപയർ<br>2) ചെറുപയർ പരിപ്പ്<br>3) വൻകടല (ബോൾസ്)<br>4) ഉഴുന്ന് ഉണ്ട<br>5) വൻപയർ |

| | |
|---|---|
| റ്റിൽ അതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ? | 6) തുവര പരിപ്പ്<br>7) പീസ് പരിപ്പ്<br>8) കടുക്<br>9) മുളക്<br>10) മല്ലി<br>11) ഉലുവ<br>12) ജീരകം<br>13) ചെറുകടല<br>കമ്പോള ഇടപെടലിന് കഴിഞ്ഞ ആറ് വർഷങ്ങളിൽ സബ്സിഡി ആയി സർക്കാർ അനുവദിച്ച തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>2006-2007 - 1,71,30,417<br>2007-2008 - 15,00,00,000<br>2008-2009 - 11,00,00,000<br>2009-2010 - 20,00,00,000<br>2010-2011 - 70,00,00,000<br>2011-2012 - 30,00,00,000<br>ആകെ - 1,47,71,30,417<br>ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ